CYAN MAGENTA YELLO BLACK



# തുറക്കില്ല, ഈ ആശുപത്രിക്കെട്ടിടം!

## ചെങ്കൽ പ്രാഥമികാരോഗ്യകേന്ദ്രത്തിൽ കിടത്തി ചികിത്സയ്ക്കായി14 വർഷം മുമ്പ് പണികഴിപ്പിച്ച കെട്ടിടത്തിനാണ് ഈ ദുരോഗ്യം. ഇപ്പോൾ ഇവിടെ കിടക്കുന്നത് സാമൂഹ്യവിരുദ്ധരും നായകളും

**സ്വന്തംലേഖകൻ**

നെയ്യാറ്റിൻകര: ചെങ്കൽ പ്രാഥമികാരോഗ്യകേന്ദ്രത്തിൽ കിടത്തി ചികിത്സയ്ക്കായി 14 വർഷം മുമ്പ് പണികഴിപ്പിച്ച കെട്ടിടം നാളിതു വരെ തുറന്നു പ്രവർത്തിപ്പിക്കാത്തതിൽ വ്യാപക പ്രതിഷേധം. സാമൂഹ്യ വിരുദ്ധരുടെയും നായ്ക്കളുടെയും താവളമായി മാറിയ ഈ കെട്ടിടത്തെ കുറിച്ച് നിരവധി പരാതികൾ നാട്ടുകാർ നൽകിയിട്ടും അധികൃതർക്ക് കുലുക്കമില്ല. നിരവധി ഗ്രാമസഭകളിലൂടെ ജനങ്ങൾ ഇക്കാര്യം അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും കെട്ടിടം തുറന്ന് പ്രവർത്തിപ്പിക്കാൻ ത്രിതല പഞ്ചായത്ത് പ്രതിനിധികളാരും മുതിരുന്നില്ലായെന്നാണ് പൊതുവെയുള്ള ആക്ഷേപം.

14 വർഷമായി പൂർത്തിയായ കെട്ടിടത്തിൽ ഇതുവരെ വൈദ്യുതി, വെള്ളം തുടങ്ങിയവ എത്തിക്കുന്നതിനുള്ള സംവിധാനവും ഒരിടത്തുമെത്തിയിട്ടില്ല. നിലവിലുള്ള കെട്ടിടങ്ങൾ ആകെ മലിനമാണ്. പകർച്ചവ്യാധികൾ ക്രമാതീതമായി വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ഈ പഞ്ചായത്ത് പ്രദേശത്തെ നിർദ്ധനർക്കുവരെ 7 കിലോമീറ്റർ അകലെയുള്ള പാറശാല സർക്കാർ ആശുപത്രിയിലോ നെയ്യാറ്റിൻകര താലൂക്കാശുപത്രിയിലോ ചികിത്സതേടി പോകേണ്ട സ്ഥിതിയിലാണ്. 20 ചതുരശ്ര കിലോമീറ്ററോളം വിസ്തൃതിയുള്ള ഈ പഞ്ചായത്തുപ്രദേശത്തെ ഏക ആശ്രയമാണ് ചെങ്കൽ പ്രാഥമികാരോഗ്യ കേന്ദ്രം.



ഏജീസ് ഓഫീസിൽ ദേശീയപതാകയെ പുറത്താക്കി കെട്ടിയ പുതിയ മതിൽ : **ഫോട്ടോ- എം. ആർ മനു**

# വെള്ളക്കെട്ട് ഭീഷണിയാകുന്നു, നടപടി വേണമെന്ന് ആവശ്യം



പെരുങ്കടവിളയിൽ പാണ്ഡവൻപാറയ്ക്കു സമീപം ഗ്രാനൈറ്റ് ഖനനത്തിന്റെ ഫലമായി രൂപം കൊണ്ട വെള്ളക്കെട്ട്

നെയ്യാറ്റിൻകര: പെരുങ്കടവിള ഗ്രാമപഞ്ചായത്തിലെ ചരിത്ര പ്രസിദ്ധമായ പാണ്ഡവൻപാറയ്ക്ക് സമീപം ഗ്രാനൈറ്റ് കമ്പനിക്കാർ ലീസിനെടുത്ത് ഖനനം ചെയ്തു ഏകദേശം 1500 അടിയോളം താഴ്ചയുള്ള പാറമടയിലെ വെള്ളകെട്ട് അപകടഭീഷണി ഉയർത്തുന്നു. 2 ഏക്കറോളം വരുന്ന അടുപ്പുകൂട്ടി പാറയാണ് റവന്യൂ അധികൃതർ ഗ്രാനൈറ്റ് കമ്പനിക്ക് ലീസിന് നൽകിയത്. ഈ സ്ഥലത്ത് ഉപേക്ഷിച്ചുപോയ വലിയ പാറക്കഷണങ്ങൾ വെള്ളക്കെട്ടിനടിയിൽ ഉണ്ട്. ഇവിടെ പാണ്ഡവൻപാറ കാണാൻ ദൂരസ്ഥലങ്ങളിൽ നിന്നുപോലും കുട്ടികളടക്കമുള്ളവർ എത്താറുണ്ട്. യുവാക്കളുടെ കുളിക്കടവ് കൂടിയായി ഇത് മാറിയിട്ടുണ്ട്. ഇതു വൻ ദുരന്തത്തിനു വഴിവച്ചേക്കും.

2 ഏക്കർ വരുന്ന പാറമട റവന്യൂ പുറമ്പോക്ക് ഭൂമിയാണ്. പാണ്ഡവൻപാറയ്ക്ക് 50 മീറ്റർ വ്യത്യാസത്തിലാണ് ഈ പാറമട. കാലവർഷം കനക്കുമ്പോൾ മണ്ണിടിച്ചിൽ പതിവാണ്. ഇതു പാണ്ഡവൻപാറയുടെ ചുറ്റുമുള്ള മണ്ണ് ഒലിച്ചുപോകുന്നതിന് വഴിവയ്ക്കുകയും പാണ്ഡവൻപാറയുടെ നിലനിൽപ്പിനും ഭീഷണിയാവുകയും ചെയ്യും. പാറമടയ്ക്കു ചുറ്റും കമ്പിവേലി കെട്ടി സംരക്ഷിക്കണമെന്നാണ് ആളുകൾ ആവശ്യപ്പെടുന്നത്. ഈ പ്രദേശത്തെ ശുദ്ധജല ക്ഷാമം പരിഹരിക്കാൻ മിനിവാട്ടർ സപ്ലേ സ്കീം ആയി ഈ വെള്ളക്കെട്ട് ഉപയോഗപ്പെടുത്തണമെന്നും വാദമുണ്ട്.

# ഗുരുമന്ദിരത്തിന്റെ ഗ്ലാസ് തകർത്തു, മോഷണം

പേരൂർക്കട : മണ്ണന്തല മുക്കോല അമ്പലത്തുനടയിലെ ഗുരുമന്ദിരത്തിന്റെ ഗ്ലാസ് തകർത്ത് നിലവിളക്ക് ആരോ മോഷ്ടിച്ചു കടന്നു.

ഇന്നുരാവിലെ 5ന് പൂജയ്ക്ക് വിളക്കു കത്തിക്കാൻ എത്തിയ ജീവനക്കാരാണ് ഗുരുമന്ദിരം തകർത്തതായി കണ്ടെത്തിയത്. ചെടിച്ചട്ടിയിലെ മണ്ണ് കളഞ്ഞശേഷം ചെടിച്ചട്ടി കൊണ്ട് ഗ്ലാസ് പൊട്ടിക്കുകയായിരുന്നു.

ഗുരുമന്ദിരം തകർത്തതിനുപിന്നിൽ മോഷണമായിരുന്നു ലക്ഷ്യമെന്ന് സംശയിക്കുന്നതായി പൊലീസും ശാഖാ ഭാരവാഹികളും പറഞ്ഞു.

പേരൂർക്കട പൊലീസ് കേസെടുത്തിട്ടുണ്ട്.



പത്താംകല്ല് നിംസ് ആശുപത്രിയിൽ ആക്സിസ്ബാങ്കിന്റെ എ.ടി.എം നൂറൂൽ ഇസ്ലാം ഗ്രൂപ്പ് ചെയർമാൻ എ.പി മജീദ്ഖാൻ ഉദ്ഘാടനം ചെയ്യുന്നു

# പേപ്പാറയിൽ അമ്പേറ്റ ആന അലയുന്നു

നെടുമങ്ങാട്: മനുഷ്യന്റെ ക്രൂരതയ്ക്കിരയായി പേപ്പാറ വനത്തിൽ ഒരു കൊമ്പൻ അലയുന്നു. ശരീരത്തിൽ തുളച്ചുകയറിയ വിഷം പുരട്ടിയ അമ്പുമായി ചിന്നംവിളിച്ച് കാടിനെ വിറപ്പിക്കുകയാണ് ഈ ഒറ്റയാൻ. പേപ്പാറ വന്യജീവി സങ്കേതത്തിന്റെയും പരുത്തിപ്പള്ളി വനം റേഞ്ചിന്റെയും പരിധിയിലാണ് സംഭവം. ഇക്കഴിഞ്ഞ ദിവസം മരുതാമല ചാത്തൻകോട് സെറ്റിൽമെന്റിലെ ആദിവാസികളാണ് വിവരം പുറത്തുവിട്ടത്. അമ്പേറ്റ ഭാഗം വ്രണമായി മാറിയിരിക്കുകയാണ്. ഇത് മദപ്പാടിനിടയാക്കുമെന്നാണ് ആദിവാസികളുടെ ഭീതി. രണ്ടാഴ്ചയായി കൊമ്പൻ വനത്തിൽ അലയുകയാണ്. അടിയന്തരമായി ചികിത്സ ലഭ്യമാക്കിയില്ലെങ്കിൽ തങ്ങളുടെ ജീവനും സ്വത്തിനും ആന ഭീഷണിയാകുമെന്ന് അവർ പറയുന്നു. ആദിവാസികൾ അറിയിച്ചതിനെത്തുടർന്ന് വനപാലകർ നടത്തിയ തിരച്ചിലിൽ വിവരം സ്ഥിരീകരിച്ചിട്ടുണ്ട്. ഇക്കാര്യം വൈൽഡ് ലൈഫ് ചീഫ് വാർഡനെ അറിയിച്ചതായാണ് അറിയുന്നത്.



ഫ്രെയിമിന്റെ ആഭിമുഖ്യത്തിൽ കേസരിഹാളിൽ നടന്ന ലോഹിതദാസ് അനുസ്മരണം മന്ത്രി എം.വിജയകുമാർ ഉദ്ഘാടനം ചെയ്യുന്നു

# brief

## ഗവർണർക്ക് ഭീഷണി: ഹർജി ഫയലിൽ

തിരുവനന്തപുരം : കേരള ഗവർണർ ആർ. എസ്. ഗവായിയെ ഭീഷണിപ്പെടുത്തിയതിന് കേസെടുക്കണം എന്നാവശ്യപ്പെടുന്ന ഹർജി കോടതി ഫയലിൽ സ്വീകരിച്ചു.

ഗവർണറുടെ കൃത്യനിർവഹണത്തിനു തടസ്സം സൃഷ്ടിക്കുന്നുവെന്നും ഭീഷണിപ്പെടുത്തുന്നുവെന്നും ആരോപിച്ച് തിരുവനന്തപുരം നിയമ സഹായവേദി ചെയർമാൻ അഡ്വ. സ്റ്റീഫൻ റൊസാരിയോ സമർപ്പിച്ച പൊതുതാത്പര്യ ഹർജിയിന്മേലാണ് തിരുവനന്തപുരം ജുഡിഷ്യൽ ഒന്നാം ക്ളാസ് മജിസ്ട്രേറ്റ് എ. എം. ബഷീറിന്റെ ഉത്തരവ്. ആഭ്യന്തരമന്ത്രി കോടിയേരി ബാലകൃഷ്ണൻ, പി. രാജീവ് എം. പി, ഡി.വൈ.എഫ്.ഐ നേതാക്കളായ ടി.വി രാജേഷ്, പി.ശ്രീരാമകൃഷ്ണൻഎന്നിവർക്കെതിരെ കേസെടുക്കണമെന്നാണ് ഹർജിയിലെ ആവശ്യം.

## മൈത്രി സുരക്ഷാ യോഗം

തിരുവനന്തപുരം : മെഡിക്കൽ കോളേജ് പൊലീസ് സ്റ്റേഷന്റെ കീഴിലുള്ള റസിഡന്റ്സ് അസോസിയേഷൻ ഭാരവാഹികൾ, ജനപ്രതിനിധികൾ എന്നിവർ അടങ്ങുന്ന മൈത്രി സുരക്ഷാ യോഗം നാളെ രാവിലെ കേശവദാസപുരം മോസ്ക് ലെയിൻ റിസിഡന്റ്സ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ ഹൗസ് നമ്പർ 114-ൽ ചേരുമെന്ന് കൺവീനർ തേക്കുംമൂട് സുമേഷ് അറിയിച്ചു.

## ധർണ നടത്തി

തിരുവനന്തപുരം : പെട്രോൾ, ഡീസൽ വില വർദ്ധനവിൽ പ്രതിഷേധിച്ച് എ. ഐ.ടി.യു.സി ജില്ലാ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ പ്രതിഷേധ മാർച്ചും ധർണയും നടത്തി.

ഏജീസ് ഓഫീസ് പടിക്കൽ നടന്ന ധർണ ഐ. ഐ.ടി.യു.സി സംസ്ഥാന സെക്രട്ടറി കെ.പി.ശങ്കരദാസ് ഉദ്ഘടനം ചെയ്തു. കുറ്റിയാനിക്കാട് മധു, എം. രാധാകൃഷ്ണൻ നായർ, പി. വിജയമ്മ, എം. ശിവകുമാർ, എസ്. എച്ച്.ഷാനവാസ്, വി. രാമചന്ദ്രൻപിള്ള, പട്ടം ശശിധരൻ, എം. സി.കെ. നായർ, എസ്.പി. വേണു, കെ. എസ്. മധുസൂദനൻ നായർ, പി. എസ്. നായിഡു എന്നിവർ സംസാരിച്ചു.

## അപകടത്തിൽ പരിക്കേറ്റു

ബാലരാമപുരം : ദേശീയപാതയിൽ ബാലരാമപുരം ജംഗ്ഷന് സമീപത്ത് പാർക്ക് ചെയ്തിരുന്ന ലോറിയിൽ ഓട്ടോറിക്ഷയിടിച്ച് ഓട്ടോഡ്രൈവർക്കും യാത്രക്കാരിയായ വൃദ്ധയ്ക്കും പരിക്കേറ്റു. ഓട്ടോ പൂർണമായും തകർന്നെങ്കിലും കാര്യമായ പരിക്കുകളില്ലാതെ ഇവർ രക്ഷപ്പെടുകയായിരുന്നു. ഇന്നലെ പുലർച്ചേ നാലുമണിക്കാണ് സംഭവം.



യൂത്ത് ഫ്രണ്ട് (ജെ) സംസ്ഥാന വൈസ് പ്രസിഡൻറായി തെരഞ്ഞെടുക്കപ്പെട്ട തമ്പാനൂർ രാജീവ്

Vol. 5, Issue No.156, R. No: KERMAL/2005/18499. Edited, printed and published by Deepu Ravi on behalf of Kerala Kaumudi (Pvt) Ltd., from Kaumudi Buildings, Thiruvananthapuram-24 and printed at Ravi Printers and Publishers (P) Ltd., Thiruvananthapuram. Phone: 0471-2461010, Fax: 2461985, www.keralakaumudi.com, E-mail:news@kaumudiflash.com***Flash Desk: 0471-3078875***